പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1086 | 10.06.2019 ൽ മറുപടിയ്ക്ക്

## ചിത്തിരപുരം ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം

*ചോദ്യം* | *ഉത്തരം*

ശ്രീ.എസ്.രാജേന്ദ്രൻ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരത്ത് പുതിയതായി ആരംഭിച്ചിട്ടുള്ള ഐ.ടി.ഐയ്ക്ക് നിലവിലുള്ള താത്കാലിക കെട്ടിടത്തിന് പകരമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന് മുൻപിലുണ്ടോയെന്ന് വ്യക്തമാക്കാമോ;<br><br>**(ബി)** ഉണ്ടെങ്കിൽ ആയതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>**(സി)** ഇത് സംബന്ധമായ നിർദ്ദേശങ്ങൾ നിലവിലില്ലെങ്കിൽ പുതിയ കെട്ടിടം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | **(എ), (ബി) & (സി)**<br>ചിത്തിരപുരം ഐ.ടി.ഐയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ചിത്തിരപുരം ഹൈസ്കൂളിന്റെ അധീനതയിലുള്ള സ്ഥലത്തു നിന്നും 3 ഏക്കറിൽ കുറയാത്ത ഭൂമി ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കാമെന്ന് പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സമ്മതപത്രം നൽകിയിരുന്നു. ആയത് ലഭ്യമായിട്ടില്ല. സ്ഥലം അടിയന്തിരമായി ലഭ്യമാക്കണം എന്ന് പള്ളിവാസൽ ഗ്രാമപഞ്ചായത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക്, ഐ.ടി.ഐയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ